**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3634** **27-06-2024 - ൽ മറുപടിയ്ക്ക്**

**ഉന്നതവിദ്യാഭ്യാസ മേഖലയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. വി. ആർ. സുനിൽകുമാർ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയുടെ വളർച്ചയ്ക്ക് അക്കാദമിക്, വ്യവസായ മേഖലകളുടെ പരസ്പരപൂരകമായ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകത വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. അക്കാദമിക്, വ്യവസായ മേഖലകളുടെ പരസ്പരപൂരകമായ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ പ്രവർത്തനങ്ങൾ വകുപ്പ് നടത്തി വരുന്നു. ഉന്നത വിദ്യാഭ്യാസ മേഖലയിലെ സ്കിൽ ഗ്യാപ് നികത്തുന്നതിനും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഹ്രസ്വകാല വ്യവസായ സംബന്ധിയായ കോഴ്സുകൾ ആരംഭിക്കുന്നതിനും എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നൈപുണ്യ വികസന കോഴ്സുകളും കരിയർ പ്ലാനിംഗും നടത്തുന്നതിനുമായി സെന്റർ ഫോർ സ്കിൽ ഡെവലപ്മെന്റ് കോഴ്സസ് ആൻഡ് കരിയർ പ്ലാനിംഗ് (CSDCCP) എന്നൊരു സ്വയം പര്യാപ്ത കേന്ദ്രം ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഇതിലൂടെ വിഭാവനം ചെയ്യുന്ന കോഴ്സുകൾ നിർദ്ദിഷ്ട പ്രാദേശിക/ വ്യവസായ ആവശ്യങ്ങൾ നിറവേറ്റുന്നതോടൊപ്പം സാധാരണ വിദ്യാർത്ഥികൾക്കും പൂർവ്വ വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും വിവിധ തലത്തിലുള്ള നൈപുണ്യ വികസനത്തിനും (സ്കില്ലിങ് , അപ് -സ്കില്ലിങ്, റീ-സ്കില്ലിങ് ) പ്രത്യേക തൊഴിൽ പരിശീലനത്തിനും ഉതകുകയും, ഇതുവഴി സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയുടെ ആകെ വികസനത്തിന് സഹായകരമാവുകയും ചെയ്യും.<br><br>കൂടാതെ, കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ കോളേജുകളിലെ വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം തൊഴിലിൽ ഏർപ്പെടുന്നതിനും സാമ്പത്തിക ഭദ്രതയോടെ കേരളത്തിൽ തന്നെ ഉന്നത വിദ്യാഭ്യാസം പൂർത്തീകരിക്കുക എന്ന ലക്ഷ്യത്തോടെയും ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് 'ഏൺ വൈൽ യു ലേൺ'. പ്രസ്തുത പദ്ധതിയുടെ |

ഭാഗമായി വിദ്യാർത്ഥികൾക്ക് പഠനത്തെ ബാധിക്കാതെ, ഒഴിവ് സമയങ്ങളിൽ നിരവധി ഓൺലൈൻ, ഓഫ് ലൈൻ ജോലികളിൽ ഏർപ്പെടുന്നതിന് അവസരം ഒരുക്കി നൽകിയിട്ടുണ്ട്. വിവിധ വസ്തുക്കളുടെ നിർമ്മാണ പ്രവർത്തനങ്ങൾ, ഓൺലൈൻ ജോബ്, കോളേജുകളിൽ തന്നെ ചെയ്യാൻ കഴിയുന്ന അറ്റകുറ്റപണികൾ, മത്സ്യ കൃഷി, സോപ്പ് നിർമ്മാണം, തയ്യൽ പ്രവർത്തനങ്ങൾ, അടുക്കളതോട്ട നിർമ്മാണം എന്നിവയ്ക്ക് വേണ്ട സാമ്പത്തിക സഹായം വകുപ്പിൽ നിന്നും നൽകുകയും അതോടൊപ്പം തൊഴിൽ വകുപ്പ് നിശ്ചയിച്ചിട്ടുള്ള വേതനം വിദ്യാർത്ഥികൾക്ക് നൽകുവാനും കഴിഞ്ഞിട്ടുണ്ട്.

വിവിധ സർവ്വകലാശാലകൾക്ക് കീഴിൽ 6 ട്രാൻസ്ലേഷണൽ റിസർച്ച് സെൻററുകൾ കിഫ്ബിയുടെ സഹായത്തോടെ ആരംഭിക്കുന്നതാണ്. ട്രാൻസ്ലേഷണൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ, വികസന ആവശ്യങ്ങളുമായി ബന്ധപ്പെട്ട് കൊണ്ടുള്ള ഉന്നത വിദ്യാപീഠങ്ങൾ, പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പുകൾ, നൂതനവിദ്യ പ്രോത്സാഹന പദ്ധതികൾ എന്നിവയിലൂടെ ഉന്നത വിദ്യാഭ്യാസ-വ്യവസായ സഹകരണം ശക്തിയാർജ്ജിക്കപ്പെടുകയും ചെയ്യും.

സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ തൊഴിൽ സംരംഭകത്വം പാഠ്യവിഷയമായി ഉൾപ്പെടുത്തുന്നതിനായി കോളേജുകൾ കേന്ദ്രീകരിച്ചുള്ള സെന്റേഴ്സ് ഓഫ് എക്സലൻസ് സ്ഥാപിക്കാനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം കേന്ദ്രങ്ങളിൽ ഇൻഡസ്ട്രി ഇൻ ക്യാമ്പസ്, ടെക്നോളജി ബിസ്നെസ്സ് ഇൻക്യൂബേറ്റർ, മിനി ഇൻഡസ്ട്രിയൽ യൂണിറ്റ്സ് തുടങ്ങിയ പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. ഇതുവഴി വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം വരുമാനവും കണ്ടെത്താനുള്ള മാർഗ്ഗം തുറക്കപ്പെടുന്നു. കൂടാതെ വൻകിട ബഹുരാഷ്ട്ര കമ്പനികളുമായി സഹകരിച്ചുകൊണ്ട് കരിക്കുലത്തിന്റെ ഭാഗമായി തന്നെ വ്യവസായ സ്ഥാപനങ്ങളിൽ വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ് ലഭിക്കുവാനുള്ള സൗകര്യങ്ങളും ഒരുക്കി വരുന്നു.

ദേശീയ- അന്തർദ്ദേശീയ തലത്തിലുള്ള വ്യവസായശാലകളും ഗവേഷണ സ്ഥാപനങ്ങളുമായി അക്കാദമിക -വ്യവസായിക തലത്തിലുള്ള ധാരണാപത്രങ്ങൾ ഒപ്പിടുവാനും മികച്ച വ്യവസായ സ്ഥാപനങ്ങളുമായി ചേർന്ന് സെന്റർ ഓഫ്

| | | | |
|---|---|---|---|
| | | | എക്സലൻസ് സ്ഥാപിക്കുവാനുള്ള നടപടികൾ സ്വീകരിക്കാനും സർവകലാശാലകൾക്ക് കഴിഞ്ഞിട്ടുണ്ട്.<br><br>നാല് വർഷ ബിരുദ പ്രോഗ്രാം വിഭാവനം ചെയ്തിട്ടുള്ളതും ഇത്തരത്തിലുള്ള സമഗ്രമായ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് വേണ്ടിയിട്ടാണ്. അതിന് വേണ്ടുന്ന പാഠ്യപദ്ധതി സർവ്വകലാശാലകൾ തയ്യാറാക്കി കഴിഞ്ഞിട്ടുള്ളതാണ്. 2024-25 അധ്യയന വർഷം മുതൽ ഇത് നടപ്പിലാക്കുന്നതോടുകൂടി ആ ലക്ഷ്യത്തിലേയ്ക്കുള്ള ചുവട് വയ്പുകൾക്ക് അത് കൂടുതൽ ശക്തിയേകും. |
| (ബി) | സംസ്ഥാനത്ത് നിന്നും വിദ്യാർത്ഥികൾ വിദേശരാജ്യങ്ങളിലേക്ക് കുടിയേറുന്നത് പഠനത്തോടൊപ്പം തൊഴിൽ ചെയ്യാനുള്ള സാധ്യത പരിഗണിച്ചാണെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | വിദ്യാർത്ഥികളുടെ കുടിയേറ്റം ഒരു ആഗോള പ്രതിഭാസമാണ്. കേരള സംസ്ഥാനത്ത് നിന്ന് മാത്രമല്ല വിദ്യാർത്ഥികൾ കുടിയേറുന്നത്. വിദ്യാർത്ഥികളെ സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക് ആകർഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) | ഉന്നതവിദ്യാഭ്യാസ രംഗത്തെ വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം അവരുടെ മേഖലകളിൽ തൊഴിൽ പ്രവൃത്തി പരിചയവും ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഉണ്ട്. വിദേശ രാജ്യങ്ങളിലേതുപോലെ പൂർണ്ണമായും ക്രെഡിറ്റ് അടിസ്ഥാനമാക്കി ഓരോ വിദ്യാർത്ഥിക്കും സ്വന്തം അഭിരുചികളും ലക്ഷ്യങ്ങളും അനുസരിച്ച് അക്കാദമിക് അഡ്വൈസറുടെ സഹായത്തോടെ സ്വന്തം കഴിവുകൾ വികസിപ്പിക്കാനും പ്രൊഫഷണൽ ലക്ഷ്യങ്ങൾക്ക് സഹായകരമാവും വിധം വിവിധ വിഷയങ്ങളുടെ കോംബിനേഷൻ തിരഞ്ഞെടുത്ത് തന്റെ ബിരുദ ഘടന രൂപകല്പന ചെയ്യാനും കഴിയുന്ന തരത്തിലാണ് കരിക്കുലം കമ്മിറ്റി നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ കരിക്കുലം രൂപകല്പന ചെയ്തിരിക്കുന്നത്.<br><br>നാലുവർഷ ബിരുദ പ്രോഗ്രാമിന്റെ ഭാഗമായി ഉന്നത വിദ്യാഭ്യാസത്തിലേക്ക് തൊഴിൽ പ്രവൃത്തി പരിചയവും സമന്വയിപ്പിക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി വിദ്യാർഥികൾക്ക് ഹ്രസ്വകാല വ്യവസായ സംബന്ധിയായ കോഴ്സുകൾ പഠിക്കുന്നതിനുള്ള അവസരം ഒരുക്കിയിട്ടുണ്ട്. ഇത്തരത്തിൽ പഠിക്കുന്ന തൊഴിൽ സാധ്യതയുള്ള കോഴ്സുകൾ മൈനർ പാത്ത്‌വേയുടെ ഭാഗമാക്കാനും സാധിക്കും. നിരവധി തൊഴിലധിഷ്ഠിത മൈനർ കോഴ്സുകൾ പ്രധാന വിഷയത്തിനൊപ്പം തിരഞ്ഞെടുക്കാവുന്നതാണ്. പഠിക്കുന്ന കോളേജിൽ അത്തരം കോഴ്സുകൾ ലഭ്യമല്ലെങ്കിൽ മറ്റ് അംഗീകൃത സ്ഥാപനങ്ങളുടെ നൈപുണ്യ വികസന കേന്ദ്രങ്ങളിൽനിന്ന് നേരിട്ടോ ഓൺലൈനായോ വിദ്യാർത്ഥിക്ക് വൊക്കേഷണൽ കോഴ്സുകൾ തിരഞ്ഞെടുത്ത് പഠിക്കാം. ഇതോടൊപ്പം സ്കിൽ ഗ്യാപ് പരിഹരിക്കുന്നതിന് അസാപ് |

| | | | |
|---|---|---|---|
| | | | -കേരളയുടെ നേതൃത്വത്തിൽ സ്കിൽ കോഴ്സുകൾ നൽകുന്നതിന് സംവിധാനം ഒരുക്കിയിട്ടുണ്ട്. കെ-ഡിസ്കിന്റെ ഡി.ഡബ്ല്യൂ.എം.എസ് പോർട്ടൽ വഴി വിദ്യാർത്ഥികൾക്ക് തൊഴിൽ നേടാൻ അവസരമൊരുക്കുന്നു. ഇന്റേൺഷിപ്പ് സൗകര്യങ്ങൾ ഒരുക്കുന്നതിലൂടെ വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം തൊഴിൽ പരിശീലനവും ലഭ്യമാകും. കൂടാതെ, വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം തൊഴിൽ നൈപുണ്യവും വികസിപ്പിക്കുന്നതിനായി കോളേജ് വിദ്യാഭ്യാസ വകുപ്പിലൂടെ 'ഏൺ വൈൽ യു ലേൺ' പദ്ധതിയും നടപ്പിലാക്കി വരുന്നു. |
| (ഡി) | എങ്കിൽ പ്രസ്തുത വിദ്യാർത്ഥികളുടെ നൂതനാശയങ്ങൾ വികസിപ്പിച്ച് സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | ഉണ്ട്. കോളേജ് വിദ്യാഭ്യാസ വകുപ്പിലൂടെ നടപ്പിലാക്കിയിട്ടുള്ള 'ഏൺ വൈൽ യു ലേൺ' പദ്ധതിയുടെ ഭാഗമായി വിദ്യാർത്ഥികൾക്ക് അവരുടെ സംരംഭകത്വവുമായി ബന്ധപ്പെട്ട ആശയങ്ങൾ പങ്കുവെയ്ക്കുന്നതിനും പ്രസ്തുത ആശയങ്ങൾ ഉൾപ്പെട്ട സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സാമ്പത്തിക സഹായം വകുപ്പിന്റെ പദ്ധതി വിഹിതത്തിൽ നിന്നും നൽകുവാനും കഴിയുന്നുണ്ട് .<br><br>സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ തൊഴിൽ സംരംഭകത്വം പാഠ്യവിഷയമായി ഉൾപ്പെടുത്തുന്നതിനായി കോളേജുകൾ കേന്ദ്രീകരിച്ചുള്ള സെന്റേഴ്സ് ഓഫ് എക്സലൻസ് സ്ഥാപിക്കാനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം കേന്ദ്രങ്ങളിൽ ഇൻഡസ്ട്രി ഇൻ ക്യാമ്പസ്, ടെക്നോളജി ബിസിനെസ്സ് ഇൻക്യൂബേറ്റർ,മിനി ഇൻഡസ്ട്രിയൽ യൂണിറ്റ്സ് തുടങ്ങിയ പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്.<br><br>വിദ്യാർത്ഥികളുടെ നൂതനാശയങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനും അത്തരം ആശയങ്ങൾ ഉപയോഗപ്പെടുത്തി സ്റ്റാർട്ടപ്പുകളും കമ്പനികളും വികസിപ്പിക്കുന്നതിനും ഇൻക്യൂബേഷൻ സെന്ററുകളും സെല്ലുകളും വിവിധ സർവകലാശാലകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നുണ്ട്. കേരള സർവകലാശാലയുടെ സ്റ്റാർട്ടപ്പ് വികസന കേന്ദ്രമായ KUBIIC മുഖേന സംരംഭങ്ങൾ തുടങ്ങാൻ വിദ്യാർത്ഥികൾക്ക് അവസരം ഒരുക്കിയിട്ടുണ്ട്. ചില സ്റ്റാർട്ടപ്പുകൾ കമ്പനികളായി മാറ്റുവാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഇതിന് Translational Research and Innovation Centre (TRIC-KU) -ന്റെ സഹായവും ലഭ്യമാക്കുന്നു. |

സെക്ഷൻ ഓഫീസർ